**പതിനാലാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2761 12.02.2019-ൽ മറുപടിയ്ക്ക്**

**മയക്കമരുന്നിന്റെ ഉപയോഗത്തിനെതിരെ ബോധവൽക്കരണം**

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ.ഐ.സി.ബാലകൃഷ്ണൻ** | | **ശ്രീ.ടി.പി.രാമകൃഷ്ണൻ**<br>**തൊഴിലും നൈപുണ്യവുംഎക്സൈസും വകുപ്പുമന്ത്രി** |
| എ) ഇടുക്കി, മലപ്പുറം ജില്ലകളിലെ ആദിവാസി മേഖലകളിൽ മദ്യത്തിന്റെയും മയക്കമരുന്നിന്റെയും ഉപയോഗത്തിനെതിരെ ബോധവൽക്കരണം നടത്തുന്നതിന് ജനമൈത്രി എക്സൈസ് സർക്കിൾ ഓഫീസ് രൂപീകരിക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; | (എ) | 14.07.2017 ലെസ.ഉ (കൈ) 59/17/നി.വ പ്രകാരം മലപ്പുറം ജില്ലയിലെ നിലമ്പൂർ , ഇടുക്കി ജില്ലയിലെ ദേവികുളം എന്നീ സ്ഥലങ്ങളിൽ ജനമൈത്രി എക്സൈസ് സ്ക്വാഡ് രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. |
| ബി) പ്രസ്തുത വിഭാഗത്തിൽ ക്രൈംബ്രാഞ്ച് വിഭാഗം രൂപീകരിച്ചിട്ടുണ്ടോ; ഇതിലൂടെ എക്സൈസ് കേസുകൾ രജിസ്റ്റർ ചെയ്യുന്നതിൽ എന്ത് പുരോഗതിയാണ് ഉണ്ടായിട്ടുള്ളത്; | (ബി) | ഇല്ല. |
| സി) എക്സൈസ് വകുപ്പിന്റെ പ്രവർത്തനം അഴിമതി രഹിതമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്? | (സി) | 1. വിവിധ ലൈസൻസുകൾക്കായുള്ള അപേക്ഷകൾ സ്വീകരിക്കുന്നതിനും ആയതിലേക്കുള്ള തുടർ നടപടികളും ഓൺലൈൻ മുഖാന്തിരമാക്കിയിട്ടുണ്ട്. ആയതിലൂടെ സേവനം സുതാര്യമാക്കുന്നതിനും ഇടനിലക്കാരെ ഒഴിവാക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്.<br>2.ഇ-ഫയലിംഗ് നടപ്പിലാക്കി.<br>3.ഓഫീസുകളിലും പരിസരത്തും സിസിടിവി ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്.<br>4.അഴിമതി കണ്ടെത്തുന്ന പക്ഷം അത്തരം ഉദ്യോഗസ്ഥർക്കെതിരെ കർശനമായ അച്ചടക്ക നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**